**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **07.11.2019-ൽ മറുപടിക്ക്**
**ചോദ്യം നം. 3234**

## ശുചിത്വ സാഗരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ കടലിനെ പ്ലാസ്റ്റിക് വിമുക്തമാക്കുവാൻ ശുചിത്വ സാഗരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ & ബി) | കടലിനെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സംസ്ഥാന ശുചിത്വ മിഷൻ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നെറ്റ്ഫിഷ്, സംസ്ഥാനത്തെ ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ എന്നിവരുടെ സഹകരണത്തോടെ ആവിഷ്കരിച്ച 'ശുചിത്വ സാഗരം' പദ്ധതി കൊല്ലത്ത് നീണ്ടകര മത്സ്യബന്ധന തുറമുഖത്തിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതി നിലവിൽ ഇതിനകം ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളിലാണ് നടപ്പിലാക്കിയത്; | | |
| (സി) | എത്ര ടൺ പ്ലാസ്റ്റിക് മാലിന്യം ഇതിലൂടെ ശേഖരിച്ച് സംസ്കരിക്കുവാൻ സാധിച്ചു എന്ന് വെളിപ്പെടുത്താമോ; | (സി) | ഇതിനകം 52000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചിട്ടുണ്ട്. 27000 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി മറ്റ് മത്സ്യബന്ധന തുറമുഖങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി ആരെയാണ് നിയമിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ഇ) | പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള തീരദേശ വികസന കോർപ്പറേഷനെയാണ് നിയമിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**